# IT@School activities till date

**2001**

(1) സർക്കാർ ഉത്തരവ് നം.3031/2001/G.Edn dated 06.08.2001 പ്രകാരം SIET കെട്ടിടത്തിൽ ഐ.ടി @ സ്കൂൾ പ്രോജക്ട് ഓഫീസ് പ്രവർത്തന മാരംഭിച്ചു.

(ii) സ്കൂൾ പാഠ്യപദ്ധതിയിൽ സംസ്ഥാനത്ത് ആദ്യമായി ഇൻഫർമേഷൻ ടെക്നോളജി ഒരു പാഠ്യവിഷയമായി ഉൾപ്പെടുത്തി ക്കൊണ്ട് സർക്കാർ ഉത്തരവിറക്കി (G.O.No.4518/2001/G.Edn. dated 07.12.2001.

(iii) ഐ.ടി @ സ്കൂ ൂൾ പദ്ധതിയുടെ പ്രവർത്തനങ്ങൾ സകൂൾ തലത്തിൽ നടപ്പിലാക്കിക്കൊണ്ട് സർക്കാർ ഉത്തരവിറക്കി.

**2002**

(i) ഐ.ടി @ സ്കൂൾ പദ്ധതി ഔദ്യോഗികമായി, ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ.എ.കെ.ആന്റണി ഉദ്ഘാടനം ചെയ്തു.

(ii) എട്ടാം സ്റ്റാൻഡേർഡിലേക്കുള്ള ഇൻഫർമേഷൻ ടെക്നോളജി 1 എന്ന പാഠപുസ്തകം പ്രകാശനം ചെയ്തു.

(iii) സംസ്ഥാനത്ത് വിവരസാങ്കേതിക വിദ്യയിൽ അദ്ധ്യാപകർക്ക് വിപുലമായ പരിശീലനം ആരംഭിച്ചു.

(iv) സംസ്ഥാനത്ത് ആദ്യമായി സ്കൂളുകളിൽ ഐ.ടി ഒരു ഐശ്ചിക വിഷയമായി പഠിപ്പിച്ചു തുടങ്ങി.

(v) കാസർഗോഡ്, തൃശൂർ ജില്ലകളിൽ ഐ.ടി @ സ്കൂൾ പദ്ധതിയുടെ പ്രവർത്തനങ്ങളെ കുറിച്ചുള്ള പൈലറ്റ് സർവ്വേ നടത്തി.

(vi) കമ്പ്യൂട്ടർ ലാബുകളുടെ പരിപാലനത്തിനായി 250 സർക്കാർ ഹൈസ്കൂളുകൾക്ക് 1,00,000 രൂപാ വീതം ധനസഹായം നൽകി.

(vii) സംസ്ഥാന സ്കൂൾ ശാസ്ത്രമേളയുടെ ഭാഗമായി സംസ്ഥാനത്തെ ആദ്യത്തെ ഐ.ടി മേള തിരുവല്ലായിൽ വച്ചു നടത്തി.

**2003**

(i) തിരുവനന്തപുരത്തു വച്ചു നടന്ന ദേശീയ യുവജനോത്സവത്തിന്റെ കമ്പ്യൂട്ടറൈസേഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

(ii) എട്ടാം സ്റ്റാൻഡേർഡിലേക്കുള്ള റിസോഴ്സ് സി.ഡി.യുടെ നിർമ്മാണ ത്തിന് 3.25 ലക്ഷം രൂപാ എസ്.സി.ഇ.ആർ.ടി. മുഖാന്തിരം സി.ഡിറ്റിന് നൽകി.

(iii) 61 സർക്കാർ സ്കൂളുകൾക്ക് 5 കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വീതം നൽകി. ആകെ തുക 121 ലക്ഷം രൂപ.

(iv) 41 സർക്കാർ സ്കൂളുകൾക്ക് ഭാഷാ സോഫ്റ്റ്വെയറായ "ISM Office 2000" അഞ്ചെണ്ണം വീതം നൽകി. ആകെ ചെലവ് 5.85 ലക്ഷം രൂപ.

(v) സംസ്ഥാന പ്രോജക്ട് ഓഫീസിനോടു ചേർന്ന് സംസ്ഥാന റിസോഴ്സ് സെന്ററും കാസർഗോഡ്, വയനാട്, മലപ്പുറം എന്നിവിടങ്ങളിൽ ജില്ലാ റിസോഴ്സ് സെന്ററുകളും സ്ഥാപിച്ചു.

(vi) എസ്.എസ്.എൽ.സി. പരീക്ഷാ ഫലം പ്രസിദ്ധീകരണം - ഇന്റർനെറ്റിൽ ആദ്യമായി ലഭ്യമാക്കി

(vii) ഐ.ടി.യുടെ പ്രാധാന്യം കുട്ടികളിലും അദ്ധ്യാപകരിലും രക്ഷാകർത്താക്കളിലും എത്തിക്കുന്നതിനുവേണ്ടി മൊബൈൽ കമ്പ്യൂട്ടർ ലാബ് ഉപയോഗിച്ച് ഐ.ടി സന്ദേശയാത്ര തുടങ്ങി.

(viii) എട്ടാം ക്ളാസ്സിലെ പഠനവിഭവ സി.ഡി, എൻകാർട്ടാ സി.ഡി., ഐ.ടി ഹാന്റ്ബുക്കുകൾ എന്നിവ സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളുകൾക്കും സൗജന്യമായി വിതരണം ചെയ്തു.

(ix) തെരഞ്ഞെടുത്ത സർക്കാർ സ്കൂളുകൾക്ക് M.S.Office, ISM തുടങ്ങിയ സോഫ്റ്റ് വെയറുകൾ സൗജന്യമായി നൽകി.(മതിപ്പ് വില 30 ലക്ഷം രൂപ).

(x) സംസ്ഥാന സ്കൂൾ ശാസ്ത്രമേളയും രണ്ടാമത് ഐ.ടി മേളയും എറണാകുളത്ത് വിജയകരമായി നടത്തി.

(xi) മലപ്പുറം ജില്ലാ പഞ്ചായത്തുമായി ചേർന്ന് പത്താം ക്ളാസിലേക്ക് വിജയഭേരി സി.ഡി പുറത്തിറക്കി.

(xii) അദ്ധ്യാപക പരിശീലനത്തിനുള്ള ഓപ്പൺ ഓഫീസ് ട്രെയിനിംഗ് മോഡ്യൂൾ തയ്യാറാക്കി.

**2004**

(i) 500 സ്കൂളുകൾക്ക് മനോരമാ എൻസൈക്ലോപീഡിയ വിതരണം ചെയ്തു.

(ii) സംസ്ഥാന സ്കൂൾ യുവജനോത്സവ റിസൾട്ട് ഇന്റർനെറ്റിൽ പ്രസിദ്ധീകരിച്ചു.

(iii) സംസ്ഥാനത്തെ മുഴുവൻ ഹൈസ്കൂളുകളിലും ഒൻപതാം ക്ളാസിൽ ആദ്യമായി സോഫ്റ്റ് എക്സാം 1.0 എന്ന നൂതന പരീക്ഷാ സോഫ്റ്റ്വെയറുപേയോഗിച്ചുള്ള പരീക്ഷ നടത്തി.

(iv) പത്താം ക്ളാസിലെ പാഠപുസ്തകങ്ങൾ സി.ഡി.യിലും ഇൻർനെറ്റിലും ലഭ്യമാക്കി.

(v) പതിനൊന്നാം ധനകാര്യകമ്മീഷന്റെ സഹായവും സംസ്ഥാന സർക്കാരിന്റെ പ്ളാൻ ഫണ്ടും ഉപയോഗപ്പെടുത്തിക്കൊണ്ട്. 390 സർക്കാർ ഹൈസ്കൂളുകൾക്ക് 5 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്തു. ആകെ അടങ്കൽ തുക 655 ലക്ഷം രൂപ.

(vi) അദ്ധ്യാപക പരിശീലനത്തിനുള്ള കരിക്കുലം പരിശീലന മൊഡ്യൂൾ, റഫ്രഷർ ട്രെയിനിംഗ് മോഡ്യൂൾ എന്നിവ തയ്യാറാക്കി.

(vii) സംസ്ഥാനത്തെ 549 ഹെഡ്മാസ്റ്റർമാർക്ക് 38 കേന്ദ്രങ്ങളിലായി ഐ.ടി പരിശിലനം നൽകി.

(viii) പത്താം ക്ളാസിലെ ഒന്നാം പാദ വാർഷിക ഐ.ടി പ്രായോഗിക പരീക്ഷ, സോഫ്റ്റ് എക്സാം 2.0 സോഫ്റ്റ്വെയറുപയോഗിച്ച് സംസ്ഥാനത്തെ ബഹു ഭൂരിപക്ഷം സ്കൂളുകളിലും വിജയകരമായി നടത്തി.

(ix) സംസ്ഥാന സ്കൂൾ ശാസ്ത്രമേളയോടനുബന്ധിച്ച് സ്കൂൾ ഐ.ടി മേള കോട്ടയത്ത് വിജയകരമായി സംഘടിപ്പിച്ചു.

(x) വൈദ്യുതി സൗകര്യം ലഭ്യമല്ലാതിരുന്ന എട്ടു ഹൈസ്കൂളുകൾക്ക് ജനറേറ്റർ സൗജന്യമായി നൽകി. അങ്ങനെ സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളുകളിലും വൈദ്യുതി സൗകര്യം ലഭ്യമാക്കി.

(xi) പത്താം സ്റ്റാൻഡേർഡിലെ രണ്ടാം പാദ വാർഷിക പരീക്ഷയിൽ ഐ.ടി പ്രായോഗിക പരീക്ഷ സോഫ്റ്റ് എക്സാം 3.0 ഉപയോഗിച്ച് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും വിജയകരമായി നടത്തി.

(xii) ഇൻഫർമേഷൻ ടെക്നോളജിയിൽ 36000 - ത്തോളം അദ്ധ്യാപകർക്ക് പരിശീലനവും, പുനഃപരിശീലനവും നൽകി.

**2005**

(i) ഇന്ത്യയിലാദ്യമായി എസ്.എസ്.എൽ.സി.ക്ക് ഐ.ടി പാഠ്യവിഷയമായി ഉൾപ്പെടുത്തുകയും, എസ്.എസ്.എൽ.സി. ഐ.ടി പ്രാക്ടിക്കൽ പരീക്ഷ സോഫ്റ്റ് വെയറിന്റെ സഹായത്താൽ 4,72,000 വിദ്യാർത്ഥികൾക്ക് വിജയകര മായി നടത്തുകയും ചെയ്തു.

(ii) സംസ്ഥാനത്ത് ഇതംപ്രദമായി വിദ്യാഭ്യാസ വകുപ്പിൽ ഓഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തി.

(iii) സംസ്ഥാനത്തെ സർക്കാർ ഹൈസ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി കമ്പ്യൂട്ടർ സജ്ജീകരിക്കുന്നതിനു വേണ്ടി 1092 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും 257 സർക്കാർ ഹൈസ്കൂളുകൾക്ക് വിതരണം ചെയ്തു. ആകെ ചെലവ് 287 ലക്ഷം രൂപ.

(iv) സംസ്ഥാനത്തെ മുഴുവൻ ഹൈസ്കൂളുകളിലും വൈദ്യുതി സൗകര്യം ലഭ്യമാക്കി.

(v) ഹൈസ്കൂളുകളിലെ ഐ.ടി പഠനം പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറിൽ നിന്നും സ്വതന്ത്ര സോഫ്റ്റ്‌വെയറിലേക്ക് മാറ്റുന്നതിന് തുടക്കം കുറിച്ചു. സ്വതന്ത്ര സോഫ്റ്റ്‌വെയർ ആയ IT @ School GNU/Linux തയ്യാറാക്കി എല്ലാ ഹൈസ്കൂളുകൾക്കും നൽകി.

(vi) സംസ്ഥാനത്തെ പതിനയ്യായിരത്തോളം ഹൈസ്കൂൾ അദ്ധ്യാപകർക്ക് സ്വതന്ത്ര സോഫ്റ്റ് വെയറിൽ പരിശീലനം നൽകി.

<u>എഡ്യൂസാറ്റ്</u>

* എഡ്യൂസാറ്റിലുള്ള രാജ്യത്തെ ആദ്യ ബ്രോഡ്ബാന്റ് ഇന്ററാക്ടീവ് നെറ്റ്‌വർക്ക് ആയ ViCTERS 2005 ജൂലൈ 28-ന് ആദരണീയനായ രാഷ്ട്രപതി ഉദ്ഘാടനം ചെയ്തു.

* സ്റ്റുഡിയോ സെറ്റപ്പ് ചെയ്ത് 15 സാറ്റലൈറ്റ് ഇന്ററാക്ടീവ് ടെർമിനലുകൾ (SIT) (സംസ്ഥാനത്തുടനീളം) സ്ഥാപിച്ചു.

* 22000-ത്തിലധികം അധ്യാപകർക്ക് ഇതുവഴി പരിശീലനപരിപാടി സംഘടിപ്പിച്ചു.
* DHSE, DVHSE-ൽ നിന്നും അധ്യാപകർക്ക് SCERT-യുമായി സഹകരിച്ച് പ്രത്യേകപരിശീലനപരിപാടി സംഘടിപ്പിച്ചു.
* സാക്ഷരതാമിഷനുമായി സഹകരിച്ച് 10-ാം ക്ളാസ്സ് തുടർ പഠിതാക്കൾക്ക് തുടർച്ചയായി ക്ളാസുകൾ നടത്തി.
* പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ 35 SIT-കൾ സ്ഥാപിച്ചു.
* DTH സംവിധാനത്തിലൂടെ ലഭ്യമാകുന്ന എഡ്യൂസാറ്റിന്റെ രണ്ടാമത്തെ ചാനൽ പ്രാവർത്തികമാക്കുവാനുള്ള നടപടി സ്വീകരിച്ചു.
* ആദ്യപടിയായി 100 സ്കൂളുകൾക്ക് 29" TVയും ROT -യും നൽകുവാനുള്ള നടപടി സ്വീകരിച്ചു.
* മലപ്പുറം ജില്ലയിലെ 400 സ്കൂളുകൾക്ക് ROT നൽകുവാൻ നടപടി സ്വീകരിച്ചു.
* സംസ്ഥാനത്തെ 840 സ്കൂളുകൾക്ക് 2006 ജൂലൈയിൽ ROT നൽകുവാനുള്ള നടപടി സ്വീകരിച്ചു.
* ഒരുവർഷത്തിനുള്ളിൽ സംസഥാനത്തെ 13000-ത്തോളം സ്കൂളുകൾക്ക് ROT സംവിധാനം കൊണ്ടുവരുവാൻ പദ്ധതി തയ്യാറാക്കി.
* ഒരു വർഷംകൊണ്ട് സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളും എഡ്യൂസാറ്റ് നെറ്റ്വർക്കിന്റെ കീഴിൽ കൊണ്ടുവരുവാൻ കർമ്മ പദ്ധതിക്ക് രൂപം നൽകി നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

**<u>നേട്ടങ്ങൾ ഒറ്റനോട്ടങ്ങൾ</u>**

1. 16 ലക്ഷം വിദ്യാർത്ഥികൾക്ക് ഐ.ടി പഠനം സാധ്യമാക്കി. എസ്.എസ്.എൽ.സി ക്ക് ആദ്യമായി ഐ.ടി ഒരു ഐഛിക വിഷയമാക്കി.
2. 54000 ഹൈസ്കൂൾ അദ്ധ്യാപകർ ഐ.ടി ഉപയോഗിച്ചു പുതിയൊരു വിദ്യാഭ്യാസ രീതിയ്ക്ക് തുടക്കം കുറിച്ചു. നാളിതുവരെ 36,000 അദ്ധ്യാപകർക്ക് വിൻഡോസിലും, ഓപ്പൺ ഓഫീസിലും 16,000-ത്തോളം അദ്ധ്യാപകർക്ക് സ്വതന്ത്ര സോഫ്റ്റ്വെയറായ ലിനക്സിലും പരിശീലനം നൽകി.
3. എസ്.എസ്.എൽ.സി ക്ക് സോഫ്റ്റ്വെയറിന്റെ സഹായത്തോടെ 4,72,000 വിദ്യാർത്ഥികൾക്ക് ഐ.ടി പ്രായോഗിക പരീക്ഷ വിജയകരമായി നടത്തി.

4. സ്കൂൾ വിദ്യാഭ്യാസ ആവശ്യത്തിന് എഡ്യൂസാറ്റ് ഉപയോഗിച്ചുള്ള ഇന്ത്യയിലെ ആദ്യ ബ്രോഡ്ബാന്റ് നെറ്റ്വർക്ക് കേരളത്തിൽ പ്രവർത്തന മാരംഭിച്ചു.

5. സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളുകളിലും കമ്പ്യൂട്ടർ ലാബുകൾ സ്ഥാപിച്ചു.

6. എല്ലാ സർക്കാർ ഹൈസ്കൂളുകൾക്കും വൈദ്യുതി സൗകര്യം ലഭ്യമാക്കി.

7. 416 സ്കൂളുകളിൽ മൾട്ടീമീഡിയ മുറികൾ സ്ഥാപിച്ചു. എല്ലാ ഗവൺമെന്റ്/എയിഡഡ് ഹൈസ്കൂളുകളിലും പഠനവിഭവ സി.ഡി കൾ എത്തിച്ചു, ഐ.ടി അധിഷ്ഠിത പഠനം വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കി.

**എക്സിക്യൂട്ടീവ് ഡയറക്ടർ**